# കില

വാർത്താപത്രിക

VOLUME-7
ISSUE-12
DECEMBER 2014

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org




ഗ്രാമസ്വരാജ്-അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട രണ്ടാമത് അന്താരാഷ്ട്രസമ്മേളനം കിലയിൽ പഞ്ചായത്ത് സാമൂഹ്യക്ഷേമവകുപ്പുമന്ത്രി **ഡോ.എം.കെ.മുനീർ** ഉദ്ഘാടനം ചെയ്യുന്നു

## എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഗ്രാമകേന്ദ്രങ്ങൾ തുടങ്ങും : മന്ത്രി ഡോ:എം. കെ. മുനീർ

അടുത്ത വർഷം ജനുവരി 26 നു മുമ്പ് സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ഗ്രാമകേന്ദ്രങ്ങൾ നിലവിൽ വരുമെന്ന് പഞ്ചായത്ത് സാമൂഹ്യക്ഷേമവകുപ്പുമന്ത്രി ഡോ.എം.കെ.മുനീർ അറിയിച്ചു. ഗ്രാമസ്വരാജ്-അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട രണ്ടാമത് അന്താരാഷ്ട്ര സമ്മേളനം കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വാർഡ് വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള വാർഡ് വികസനസമിതികൾ ഗ്രാമകേന്ദ്രങ്ങളുടേ നേതൃത്വത്തിൽ പ്രവർത്തിക്കും. ഗ്രാമസഭകൾ ചേരുന്നതിനും വാർഡിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുമുള്ള സ്ഥിരം സംവിധാനമാണ് ഗ്രാമകേന്ദ്രങ്ങൾ. വാർഡുകളുടെ ഇൻഫർമേഷൻ സെന്ററുകളായും ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തിക്കും. ഗ്രാമസഭകളുടെ പ്രവർത്തനം പ്രതീക്ഷിച്ച തോതിൽ ഉയർന്നിട്ടില്ല. പങ്കാളിത്ത ആസൂത്രണവും കുടുംബശ്രീ- ആശ്രയകേന്ദ്രങ്ങളുമെല്ലാം അധികാരവികേന്ദ്രീകരണത്തിന്റെ അവിഭാജ്യ ഘടകങ്ങളാണെന്നും മന്ത്രി പറഞ്ഞു. കേരളത്തിലെ പ്രാദേശികഭരണസംവിധാനം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ശക്തമാണെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച സഹകരണവകുപ്പുമന്ത്രി സി.എൻ. ബാലകൃഷ്ണൻ പറഞ്ഞു. ഭരണത്തിന്റെയും ആസൂത്രണത്തിന്റെയും കാര്യത്തിൽ കേരളം മുന്നിലാണ്. അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിൽ സംസ്ഥാനത്ത് മാറി മാറി വരുന്ന മുന്നണികൾ ഒരേ അഭിപ്രായക്കാരാണ്.

ഗാന്ധിജിയുടെ സ്വപ്നങ്ങളാണ് ആർട്ട് ഗാലറിയിൽ ചിത്രീകരിച്ചിരിക്കുന്നതെന്ന് ചടങ്ങിൽ മുഖ്യാതിഥിയായി സംബന്ധിച്ച ഗാന്ധിയുടെ കൊച്ചുമകൾ ഇളാഗാന്ധി അഭിപ്രായപ്പെട്ടു. ആർട്ട് ഗാലറിയുടെ ശിൽപ്പി എബി എൻ. ജോസഫിനുള്ള കിലയുടെ ഉപഹാരവും അവർ സമ്മാനിച്ചു.നേരത്തെ ലൈബ്രറി ഹാളിൽ സ്ഥാപിച്ച ഗാന്ധിഗ്രാമസ്വരാജ് ആർട്ട് ഗാലറിയുടെ ഉദ്ഘാടനം, മന്ത്രിമാരുടേയും മറ്റ് വിശിഷ്ടവ്യക്തികളുടേയും സാന്നിദ്ധ്യത്തിൽ ഇളാഗാന്ധി നിർവഹിച്ചു.



കിലയിലെ ഗാന്ധിഗ്രാമസ്വരാജ് ആർട്ട് ഗാലറി ഗാന്ധിജിയുടെ കൊച്ചുമകൾ **ഇളാഗാന്ധി** ഉദ്ഘാടനം ചെയ്തപ്പോൾ



പദ്ധതിനിർവഹണത്തിന്റെ പുരോഗതി വിലയിരുത്താൻ കിലയൽ സംഘടിപ്പിച്ച മേഖലാ അവലോകനയോഗത്തിൽ നഗരകാര്യവകുപ്പുമന്ത്രി **മഞ്ഞളാംകുഴി അലി** സംസാരിക്കുന്നു

# നഗരസഭകൾ പ്ലാൻഫണ്ട് പൂർണമായും ഉപയോഗിക്കണം: മന്ത്രി മഞ്ഞളാംകുഴി അലി

**നി**ശ്ചിതസമയത്തിനകം നഗരസഭകൾ പ്ലാൻഫണ്ട് പൂർണമായും ഉപയോഗിച്ചുതീർക്കണമെന്ന് നഗരകാര്യവകുപ്പു മന്ത്രി മഞ്ഞളാംകുഴി അലി നിർദ്ദേശിച്ചു. പദ്ധതിനിർവഹണത്തിന്റെ പുരോഗതി വിലയിരുത്താൻ കിലയിൽ സംഘടിപ്പിച്ച മേഖലാ അവലോകനയോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. പദ്ധതിനിർവഹണകാര്യത്തിൽ പഞ്ചായത്തുകളേക്കാൾ നഗരസഭകളാണ് പിന്നിൽ. കാസർകോട് മുതൽ തൃശ്ശൂർ വരെയുള്ള 29 നഗരസഭകളിൽ 30 ശതമാനത്തിൽ കൂടുതൽ ചെലവഴിച്ചത് എട്ടു നഗരസഭകളാണ്. ഏറ്റവും കൂടുതൽ ചെലവഴിച്ചത് നിലമ്പൂർ നഗരസഭയും(35.7%) ഏറ്റവും കുറവ് തലശ്ശേരി (13.92%) യുമാണ്. തലശ്ശേരിക്കു തൊട്ടു മുകളിൽ കോട്ടയ്ക്കലും കൊടുങ്ങല്ലൂരുമാണ്. 20 – 30 ശതമാനത്തിനിടയിൽ ചെലവിട്ട നഗരസഭകൾ പതിമൂന്ന്. അർബൻ 20:20 പദ്ധതിയിൽ ചേരാൻ താൽപര്യമുള്ളവർ അക്കാര്യം ഉടനെ ബന്ധപ്പെട്ടവരെ അറിയിക്കണം. പ്ലാസ്റ്റിക്ക് മാലിന്യനിർമ്മാർജനത്തിനു പല നഗരസഭകളും വിമുഖത കാണിക്കുന്നു. തലശ്ശേരി നഗരസഭ 3470 കിലോഗ്രാം പ്ലാസ്റ്റിക്ക് ശേഖരിച്ച് മുൻപന്തിയിലെത്തി. തൃശ്ശൂർ, കോഴിക്കോട്, തിരുവനന്തപുരം കോർപ്പറേഷനുകൾ ഇക്കാര്യത്തിൽ മുന്നോട്ടു വന്നിട്ടുണ്ട്. അനധികൃത പരസ്യബോർഡുകൾ നിയന്ത്രിച്ച് വരുമാനമുണ്ടാക്കാൻ നഗരസഭകൾ തയ്യാറാകണം. കാസർകോടു മുതൽ തിരുവനന്തപുരം വരെ പരസ്യയിനത്തിൽ കഴിഞ്ഞ വർഷം കിട്ടിയത് 6 കോടി 90 ലക്ഷം രൂപയാണ്. അതേസമയം തൊട്ടടുത്ത കോയമ്പത്തൂരിൽ മാത്രം ഈ കാലയളവിലെ വരുമാനം 30 കോടി രൂപയാണ്. റോഡുകൾ നന്നാക്കാനും അവ പരിപാലിക്കാനുമായി പഴയ എൻ.എം.ആർ പോലെയുള്ള ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സജീവമായി പരിഗണിച്ചുവരികയാണെന്നും മന്ത്രി പറഞ്ഞു.

കില ഡയറക്ടർ ഡോ.പി.പി.ബാലൻ, നഗരകാര്യഡയറക്ടർ ദേവദാസ്, തൃശ്ശൂർ മേയർ രാജൻ പല്ലൻ എന്നിവർ സംസാരിച്ചു.നഗരസഭ ചെയർമാൻമാർക്കു പുറമെ സെക്രട്ടറിമാർ, എഞ്ചിനീയർമാർ എന്നിവരാണ് അവലോകനയോഗത്തിൽ സംബന്ധിച്ചത്.

## കില സെൻട്രൽ യൂണിവേഴ്സിറ്റി ഗവേഷണകേന്ദ്രം

**സെൻട്രൽ** യൂണിവേഴ്സിറ്റിയുടെ ഗവേഷണകേന്ദ്രമായി കിലയ്ക്കു അംഗീകാരം. അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ടാണ് ഇവിടെ ഗവേഷണം നടക്കുക. ഡോ.പി.പി. ബാലൻ, ഡോ.സണ്ണി ജോർജ്, ഡോ.പീറ്റർ എം.രാജ്, ഡോ. ജെ.ബി.രാജൻ, ഡോ.എബി ജോർജ് എന്നിവർക്കു ഗവേഷണ ഗൈഡുകളായും അംഗീകാരം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് യൂണിവേഴ്സിറ്റി റജിസ്ട്രാറുടെ അറിയിപ്പ് കില ഡയറക്ടർക്കു ലഭിച്ചു.



## രാജനു യാത്രയയപ്പ്

**കില**യിൽനിന്ന് വിരമിച്ച സീനിയർ ഗ്രേഡ് ഖലാസി ടി.രാജന് സഹപ്രവർത്തകർ യാത്രയയപ്പു നൽകി. ചടങ്ങിൽ കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷത വഹിച്ചു. ഡോ.സണ്ണി ജോർജ്, ഡോ.ജെ.ബി.രാജൻ, ആർ.ഗിരിജാദേവി, കെ.ബാബു, സാജൻ പീറ്റർ, ജയൻ, തുടങ്ങിയവർ സംസാരിച്ചു. കിലയുടെ ഉപഹാരം ഡയറക്ടർ സമ്മാനിച്ചു.

## സാക്ഷരതാപ്രവർത്തനം ഇനി ഗ്രാമകേന്ദ്രങ്ങൾ വഴിയും

ഗ്രാമപഞ്ചായത്തുകളിലാരംഭിക്കുന്ന സേവാഗ്രാം ഗ്രാമകേന്ദ്രങ്ങളിലൂടെ സാക്ഷരതാപ്രവർത്തനങ്ങൾ സജീവമാക്കാൻ നീക്കം. നാലാംക്ലാസ്സ് പാസ്സാകാത്തവർക്കുള്ള നാലാംതരം തുല്യതാപരീക്ഷ(അതുല്യ) 2015 ഏപ്രിലിനുമുമ്പ് സംസ്ഥാനത്ത് പൂർത്തിയാക്കാനും കിലയിൽ ചേർന്ന സാക്ഷരതാമിഷൻ സംസ്ഥാന ഭരണസമിതി അംഗങ്ങളുടേയും പതിന്നാല് ജില്ലകളിൽനിന്നുള്ള ഉദ്യോഗസ്ഥരുടേയും ദ്വിദിന യോഗം തീരുമാനിച്ചു. കില ഡയറക്ടർ ഡോ.പി.പി.ബാലൻ ഉദ്ഘാടനം ചെയ്തു. സാക്ഷരതാമിഷൻ അഡ്മിനിസ്ട്രേറ്റീവ് ചെയർമാൻ സലിം കുരുവമ്പലം അദ്ധ്യക്ഷത വഹിച്ചു. ഡോ.പീറ്റർ എം.രാജ്, ഡോ. സണ്ണി ജോർജ്, കോർഡിനേറ്റർ ടി.റിയാസ്മോൻ, അസി.ഡയറക്ടർ കെ.എം.സലിം എന്നിവർ സംസാരിച്ചു.വി.ജി.ശശിധരൻ, കെ.എം.റഷീദ്, വി.എം.അബൂബക്കർ, വി.പി.അഹമ്മദ് സഗീർ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.




പരിശീലനത്തിനുവേണ്ടി തയ്യാറാക്കിയ ഡി.വി.ഡിയുടെ പ്രകാശനം
മന്ത്രി **പികെ.അബ്ദുറബ്ബ്** നിർവഹിക്കുന്നു

# പ്രാദേശികഭരണത്തെക്കുറിച്ച് 50,000 പ്ലസ് ടു വിദ്യാർത്ഥികൾക്ക് കില പരിശീലനം നൽകുന്നു

**പ്രാ**ദേശികഭരണത്തെക്കുറിച്ച് 50,000(അമ്പതിനായിരം) പ്ലസ് ടു സ്കൂൾ വിദ്യാർത്ഥികൾക്ക് കില പരിശീലനം നൽകുന്നു.അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് വിദ്യാർത്ഥികൾക്ക് കൂടുതൽ അവബോധമുണ്ടാക്കുകയും പ്രാദേശികഭരണസംവിധാനത്തിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയുമാണ് പരിപാടിയുടെ ലക്ഷ്യം. ജനപങ്കാളിത്തം ക്രിയാത്മകമാക്കുന്നതിനു കില സംഘടിപ്പിച്ചുവരുന്ന വിജ്ഞാനവ്യാപന പരിപാടിയുടെ ഭാഗമാണിത്.

തെരഞ്ഞെടുക്കപ്പെട്ട ഇരുന്നൂറിൽ പരം ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾക്കാണ് 25 മുതൽ പരിശീലനം നൽകുന്നത്. ഓരോ സ്കൂളിലും 45 മിനിറ്റ് ദൈർഘ്യമുള്ള അധികാരം ജനങ്ങളിലേക്ക് എന്ന വീഡിയോ പ്രദർശനത്തിനുശേഷം നടത്തുന്ന എഴുത്തുപരീക്ഷയിൽ 1,2,3 സ്ഥാനങ്ങൾ നേടുന്നവരെ ജില്ലാതലത്തിൽ നടക്കുന്ന പ്രശ്നോത്തരിയിലേക്കു തെരഞ്ഞെടുക്കും. ജില്ലാതലത്തിൽ ഉന്നത വിജയം നേടുന്നവർ സംസ്ഥാനതല പ്രശ്നോത്തരിയിൽ പങ്കെടുക്കാൻ അർഹത നേടും. 14 ജില്ലകളിൽനിന്ന് ഓരോ സ്കൂൾ വീതമാണ് സംസ്ഥാനതലത്തിലെത്തുക. അവർക്കു വീണ്ടും എഴുത്തുപരീക്ഷ നടത്തി അതിൽനിന്ന് മികച്ച ആറു ടീമുകളെ ഫൈനൽ റൗണ്ടിലേക്കു തെരഞ്ഞെടുക്കും. വിജയികൾക്കു ട്രോഫിയും സർട്ടിഫിക്കറ്റും നൽകും.

പരിശീനത്തിന്റെ ഒരുക്കങ്ങൾ വിലയിരുത്താൻ കിലയിൽ ചേർന്ന ജില്ലാകോർഡിനേറ്റർമാരുടേയും റിസോഴ്സ് ടീമംഗങ്ങളുടേയും സംസ്ഥാനതല യോഗം കില ഡയറക്ടർ ഉദ്ഘാടനം ചെയ്തു. പരിശീലനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം എസ്.എം.വി ഹയർ സെക്കണ്ടറി സ്കൂളിൽ വിദ്യാഭ്യാസവകുപ്പുമന്ത്രി പി.കെ.അബ്ദുറബ്ബ് നിർവഹിച്ചു.പ്രാദേശികഭരണസംവിധാനത്തിൽ ഹയർ സെക്കണ്ടറിസ്കൂൾ വിദ്യാർത്ഥികൾക്കുള്ള വിജ്ഞാനവ്യാപന പരിപാടി സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലേക്കും വ്യാപിപ്പിക്കുമെന്ന് ഉദ്ഘാടനപ്രസംഗത്തിൽ മന്ത്രി പറഞ്ഞു.പരിശീലനത്തിനു തയ്യാറാക്കിയ ഡി.വി.ഡിയുടെ പ്രകാശനവും മന്ത്രി നിർവഹിച്ചു. സ്കൂൾ പ്രിൻസിപ്പൽ മുരുകൻ കാട്ടാക്കട അദ്ധ്യക്ഷനായിരുന്നു.കില ഡയറക്ടർ ഡോ.പി.പി.ബാലൻ , കോഴ്സ് ഡയറക്ടർ ഡോ. ജെ.ബി.രാജൻ എന്നിവർ സംസാരിച്ചു..ഉദ്ഘാടനത്തിനുശേഷം സ്കൂളിൽ നടന്ന പരിശീലനപരിപാടിക്കു ജില്ലാ കോർഡിനേറ്റർ രമേശ്ബാബു, ഡോ.വിനോദ്, പ്രതാപ്സിംഗ് തുടങ്ങിയവർ നേതൃത്വം നൽകി.



പരിശീനത്തിന്റെ ഒരുക്കങ്ങൾ വിലയിരുത്താൻ കിലയിൽ ചേർന്ന ജില്ലാകോർഡിനേറ്റർമാരുടേയും
റിസോഴ്സ് ടീമംഗങ്ങളുടേയും സംസ്ഥാനതല യോഗത്തിൽ കില ഡയറക്ടർ സംസാരിക്കുന്നു

# സിൽവർ ജൂബിലി നിറവിൽ കിലയിൽ അന്താരാഷ്ട്ര സമ്മേളനം

**കില**യുടെ സിൽവർജൂബിലി വർഷത്തിൽ ഗാന്ധിഗ്രാമ സ്വരാജിനെക്കുറിച്ചും അധികാരവികേന്ദ്രീകരണത്തെക്കുറിച്ചും കില സംഘടിപ്പിച്ച രണ്ടാമത് അന്താരാഷ്ട്രസമ്മേളനം ഗാന്ധിജിയുടെ കൊച്ചുമകൾ ഇളാഗാന്ധിയുടേയും ഗാന്ധിജിയുടെ പേഴ്സണൽ സെക്രട്ടറി വി.കല്യാണത്തിന്റെയും സാന്നിദ്ധ്യംകൊണ്ട് ധന്യമായി. മൂന്നുദിവസം നീണ്ടുനിന്ന സമ്മേളനത്തിൽ രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തിക-ശാസ്ത്ര മേഖലയിലെ വിദഗ്ദ്ധരും ഇന്ത്യക്കകത്തുനിന്നും പുറത്തുനിന്നമുള്ള 300 പ്രതിനിധികളും പങ്കെടുത്തു. പഞ്ചായത്ത് സാമൂഹ്യക്ഷേമവകുപ്പുമന്ത്രി ഡോ.എം.കെ.മുനീർ ഉദ്ഘാടനം ചെയ്ത സമ്മേളത്തിൽ സഹകരണവുപ്പുമന്ത്രി സി.എൻ. ബാലകൃഷ്ണൻ അദ്ധ്യക്ഷനായിരുന്നു.

മാലിന്യനിർമ്മാർജനവും പച്ചക്കറി കൃഷിയും കുടുംബശ്രീയുടെ കീഴിൽ കൊണ്ടുവരണമെന്ന് ഉദ്ഘാടനച്ചടങ്ങിൽ മുഖ്യപ്രഭാഷകനായ തോമസ് ഐസക് എം.ൽ.എ അഭിപ്രായപ്പെട്ടു. കിലയുടെ സിൽവർ ജൂബിലി ആഘോഷങ്ങൾ മുൻ കേന്ദ്രമന്ത്രി മണി ശങ്കർ അയ്യർ നിർവഹിച്ചു. തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ ഗാന്ധിജിയുടെ പ്രൈവറ്റ് സെക്രട്ടറി വി.കല്യാണം, സെൻട്രൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ.ജി. ഗോപകുമാർ, കില ഡയറ്കടർ ഡോ. പി.പി.ബാലൻ, ഡോ. സണ്ണി ജോർജ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് പി.ടി.മാത്യു, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് അഡ്വ.എം. മണികണ്ഠൻ എന്നിവർ സംസാരിച്ചു.

കിലയുടെ മൂന്നു പ്രസിദ്ധീകരണങ്ങൾ ചടങ്ങിൽ ഡോ. ഗോപകുമാർ പ്രകാശനം ചെയ്തു. ഇളാഗാന്ധി, വി.കല്യാണം, മണി ശങ്കർ അയ്യർ എന്നിവർക്ക് എബി ജോസഫ് വരച്ച ഗാന്ധിജിയുടെ ചിത്രങ്ങൾ സമ്മാനിച്ചു.

ഉദ്ഘാടനത്തിനുശേഷം നടന്ന സദ്ഭരണത്തെക്കുറിച്ചുള്ള സെഷനിൽ ലോക്കൽ ഗവർമ്മെന്റ്സ് കമ്മിഷൻ ചെയർമാൻ കുട്ടി അഹമ്മദുകുട്ടി അദ്ധ്യക്ഷനായിരുന്നു. കേന്ദ്ര ഗ്രാമവികസനവകുപ്പു അഡീഷ്ണൽ സെക്രട്ടറി എസ്.എം. വിജയാനന്ദ് പ്രബന്ധമവതരിപ്പിച്ചു.സമ്മേളനത്തോടനുബന്ധിച്ച് മലപ്പുറം നഗരസഭയും ഏഴു ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളും പങ്കെടുത്ത പ്രദർശനവും സംഘടിപ്പിച്ചിരുന്നു.



ഗ്രാമസ്വരാജ് അന്താരാഷ്ട്ര സമ്മേളനത്തോടനുബന്ധിച്ച് കിലയിൽ സംഘിടിപ്പിച്ച ഗാന്ധിയൻ കൂട്ടായ്മയിൽ ഗാന്ധിതൊപ്പിയും ഷാളും ധരിച്ച് പങ്കെടുത്ത പ്രവർത്തകർ



കിലയിൽ സംഘടിപ്പിച്ച അന്താരാഷ്ട്രസമ്മേളനത്തിന്റെ സമാപന ചടങ്ങിൽ **ഇളാഗാന്ധി** സംസാരിക്കുന്നു



വിദേശപ്രതിനിധി **പ്രൊഫ.ഡോ കാതറിൻ കാസി** ലെസ്റ്റർ യൂണിവേഴ്സിറ്റി ( യു.കെ) സംസാരിക്കുന്നു.



ഗ്രാമസ്വരാജ് അന്താരാഷ്ട്ര സമ്മേളനത്തോടനുബന്ധിച്ച് കിലയിൽ സംഘടിപ്പിച്ച ഗാന്ധിയൻ പ്രവർത്തകരുടെ കൂട്ടായ്മ ഗ്രാമവികസനവകുപ്പുമന്ത്രി **കെ.സി ജോസഫ്** ഉദ്ഘാടനം ചെയ്യുന്നു

# വികേന്ദ്രീകരണത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തണം: മന്ത്രി കെ.സി.ജോസഫ്

**അ**ധികാരവികേന്ദ്രീകരണത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തി പുനർവിചിന്തനത്തിനു വിധേയമാക്കണമെന്ന് ഗ്രാമവികസനവകുപ്പുമന്ത്രി കെ.സി ജോസഫ് അഭിപ്രായപ്പെട്ടു. കിലയിൽ സംഘടിപ്പിച്ച ഗ്രാമസ്വരാജ് അന്താരാഷ്ട്ര സമ്മേളനത്തിന്റെ ഭാഗമായ ഗാന്ധിയൻ പ്രവർത്തകരുടെ കൂട്ടായ്മ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. വികേന്ദ്രീകരണം നടന്നിട്ട് ഇരുപതുവർഷം പിന്നിട്ടപ്പോൾ ഈ മേഖലയിലുണ്ടായ പോരായ്മകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഈ രംഗത്തെ അഴിമതിയും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ഇതു തടയാനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. നേട്ടവും കോട്ടവും വിലയിരുത്തി ഇതു പുനക്രമീകരിക്കാൻ കഴിയണമെന്നും മന്ത്രി നിർദ്ദേശിച്ചു.ഗാന്ധിജിയുടെ കൊച്ചുമകൾ ഇളാഗാന്ധി ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഗാന്ധിജിയുടെ പേഴ്സണൽ സെക്രട്ടറി വി.കല്യാണം മുഖ്യാതിഥിയായിരുന്നു. കില അസി.പ്രൊഫ. ഡോ.ജെ.ബി.രാജൻ, ആർടിസ്റ്റ് എബി.എൻ.ജോസഫ് എന്നിവർ സംസാരിച്ചു.സദസ്യർ ഉന്നയിച്ച ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ഇളാ ഗാന്ധിയും കല്യാണവും മറുപടി നൽകി. ഗാന്ധി തൊപ്പിയും ഷാളും ധരിച്ചാണ് പ്രവർത്തകർ കൂട്ടായ്മക്കെത്തിയത്. കൂട്ടായ്മക്കുമുമ്പ് തിരുവനന്തപുരം എം.ബി.എസ് യൂത്ത് ക്വയറിന്റെ ദേശഭക്തിഗാനങ്ങളുമുണ്ടായിരുന്നു. ലോകത്തിനു മാതൃക കാണിക്കുന്ന സംസ്ഥാനമാണ് കേരളമെന്ന ചടങ്ങിൽ പ്രസംഗിച്ച ഇളാ ഗാന്ധി പറഞ്ഞു. ഇവിടത്തെ അധികാരവികേന്ദീകരണവും സാക്ഷരതാപ്രവർത്തനങ്ങളും അനുകരണീയമാണ്. സമഗ്രവികസനം ലക്ഷ്യമിട്ടായിരുന്നു ഗാന്ധിജിയുടെ രാമരാജ്യസങ്കൽപ്പം. രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും ക്ഷേമമേകുന്നതാണ് രാമരാജ്യസങ്കൽപ്പം. അതിനെ ഏതെങ്കിലും ഒരു മതത്തോടു ചേർത്തുവായിക്കുന്നതും പ്രചരിപ്പിക്കുന്നതും തെറ്റാണ്. സാധാരണക്കാരനുപോലും ഭരണത്തിൽ അർഹമായ പ്രാധാന്യം വകവച്ചു കൊടുക്കുന്ന ഒരു രാജ്യത്തെയാണ് ഗാന്ധിജി സ്വപ്നം കണ്ടതെന്നും അവർ പറഞ്ഞു.

ഗാന്ധിദർശനങ്ങൾ അൽപ്പമെങ്കിലും നടപ്പാക്കാൻ നരേന്ദ്രമോദിക്കു മുമ്പ് ഒരു പ്രധാനമന്ത്രിയും തയ്യാറായിട്ടില്ലെന്ന് ഗാന്ധിയുടെ പേഴ്സണൽ സെക്രട്ടറി വി. കല്യാണം പറഞ്ഞു. ബ്രിട്ടീഷ് ഭരണകാലത്ത് അഴിമതിയും തട്ടിക്കൊണ്ടുപോകലും ശൈശവപീഡനവുമൊന്നും കേട്ടുകേൾവിപോലുമില്ലായിരുന്നു. രാജ്യത്ത് ഇതുവരെ ജനോപകാരപ്രദമായ മികച്ച ഭരണമുണ്ടായിട്ടില്ല. ക്ലീൻ ഇന്ത്യ പദ്ധതിയടക്കമുള്ള ഗാന്ധിയുടെ സ്വപ്നം നടപ്പാക്കാൻ മോദി നടത്തുന്ന ശ്രമങ്ങൾ സ്വാഗതാർഹമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അധികാരവികേന്ദ്രീകരണത്തെക്കുറിച്ചു നടന്ന പാനൽ ചർച്ചയിൽ ടി.ആർ.രഘുനന്ദനൻ, ന്യൂദൽഹിയിലെ ഐ.എസ്.എസ് ഡയറക്ടർ ഡോ.ജാർജ് മാത്യു, കേന്ദ്രപഞ്ചായത്ത് രാജ് അഡീഷ്ണൽ സെക്രട്ടറി രശ്മി ശുക്ല ശർമ്മ ഐ.എ.എസ്, ഡോ.ജി.പളനിദുരൈ, മീനക്ഷിസുന്ദരം, ഡോ.എസ്.കെ സിംഗ് എന്നിവർ പങ്കെടുത്തു. സേവാഗ്രാം ഗ്രാമകേന്ദ്രത്തെക്കുറിച്ചുള്ള ചർച്ചയിൽ മുൻകേന്ദ്രമന്ത്രി മണി




കിലയിൽ സംഘടിപ്പിച്ച അന്താരാഷ്ട്രസമ്മേളനത്തിന്റെ സമാപന ചടങ്ങിൽ **വി.കല്ല്യാണം** സംസാരിക്കുന്നു



കിലയിൽ സംഘടിപ്പിച്ച അന്താരാഷ്ട്രസമ്മേളനത്തിന്റെ സമാപന ചടങ്ങിൽ **പി.കെ.ബിജു എം.പി.** സംസാരിക്കുന്നു

ശങ്കർ അയ്യർ അദ്ധ്യക്ഷനായിരുന്നു. ഡോ.എം.എൻ. റോയ്, ഡോ.എം.പി.പരമേശ്വരൻ, ഡോ. ജോസ് ചാത്തക്കുളം, എ. ഗോപാലൻ അയ്യർ എന്നിവർ സംസാരിച്ചു.

ഗ്രാമസ്വരാജിനെക്കുറിച്ച് സംഘടിപ്പിച്ച ചർച്ചയിൽ ഡോ. ജോർജ് മാത്യു അദ്ധ്യക്ഷത വഹിച്ചു. മാധ്യമപ്രവർത്തകൻ അജിത് വെണ്ണിയൂർ, മഹിപാൽ, പ്ലാസിഡ്, ഡോ.എബി ജോർജ് എന്നിവർ പങ്കെടുത്തു. പ്രതിനിധികൾ ഗ്രൂപ്പായി അവണൂർ, ചേർപ്പ്, എളവള്ളി, കൊണ്ടാഴി, പടിയൂർ, പൂമംഗലം, വല്ലച്ചിറ ഗ്രാമപഞ്ചായത്തുകൾ സന്ദർശിച്ചു അവിടങ്ങളിലെ വികസനപ്രവർത്തനങ്ങൾ വിലയിരുത്തി.

## ഗാന്ധിഗ്രാമസ്വരാജ് ആർട്ട് ഗാലറി

കിലയിൽ സജ്ജീകരിച്ച ഗാന്ധി ഗ്രാമസ്വരാജ് ആർട്ട് ഗാലറിയുടെ ഉദ്ഘാടനം ഗാന്ധിയുടെ കൊച്ചുമകളും ദക്ഷിണാഫ്രിക്കയിലെ മനുഷ്യാവകാശ പോരാളിയുമായ ഇളാ ഗാന്ധി നിർവഹിച്ചു.ഗാന്ധിജി ജനിച്ച പോർബന്തറിലെ ഗ്രാമീണ ജീവിതം മുതൽ ഉപ്പുസത്യഗ്രഹം വരെയുള്ള ജീവിതഘട്ടങ്ങൾ ആവിഷ്ക്കരിക്കുന്നതാണ് ആർട്ട് ഗാലറി. ആർട്ടിസ്റ്റ് എബി.എൻ.ജോസഫാണ് ചിത്രങ്ങൾ വരച്ചത്.അക്രിലിക്കിൽ ക്യാൻവാസിൽ തീർത്ത 15 ചിത്രങ്ങളും ഒമ്പതു ക്യാൻവാസ് ചിത്രങ്ങളും ഇവയിൽ ഉൾപ്പെടും. ഗാന്ധിയൻ ദർശന ങ്ങളിലൂടെ കടന്നുപോകുന്ന ചിത്രങ്ങളോടൊപ്പം മലയാളം, ഹിന്ദി, ഇംഗ്ലീഷ് കുറിപ്പുകളും പ്രദർശിപ്പിച്ചിട്ടുണ്ട്. കില ലൈബ്രറി ബ്ലോക്കിനു മുകളിലെ 2,500 ചതുരശ്ര അടിയിലാണ് ആർട്ട ഗാലറി ഒരുക്കിയിട്ടുള്ളത്. ഗാന്ധിജിയുടെ ജീവിതവും സന്ദേശങ്ങളും ഉൾപ്പെടുന്ന സിനിമകൾ പ്രദർശിപ്പിക്കാൻ ഗാന്ധി ടാക്കീസും ഗാലറിയോടു ചേർന്ന് ക്രമീകരിച്ചിട്ടുണ്ട്. കിലയിൽ പരിശീലനത്തിനെത്തുന്നവർക്കും പഠിതാക്കൾക്കും ജനപ്രതിനിധികൾക്കും ഗാലറി സന്ദർശിക്കാൻ സൗകര്യമൊരുക്കും.



സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ ഒരു കലാകാരൻ ഗാന്ധിജിയുടെ വേഷത്തിൽ

## സമാപനസമ്മേളനം

സമാപനസമ്മേളനത്തിൽ കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷനായിരുന്നു. പി.കെ.ബിജു എം.പി, മഹാത്മാ ഗാന്ധിയുടെ പേഴ്സണൽ സെക്രട്ടറി വി. കല്യാണം വിദേശ പ്രതിനിധികളായ ഡോ പെഡ്രോ മത്യാസ്(പോർച്ചുഗൽ), ലെസ്റ്റർ യൂണിവേഴ്സിറ്റി പ്രൊഫ.ഡോ കാതറിൻ കാസി( യു.കെ), പ്രൊഫ. ലോറാ മൈക്കിൾ (ഫിൻലാന്റ്) ജനക ഹേമതിലക (ശ്രീലങ്ക) എന്നിവർക്കു പുറമെ കില അസോസിയേറ്റ് പ്രൊഫ. ഡോ.പീറ്റർ എം.രാജ്, ഡോ. സണ്ണി ജോർജ്, പ്രൊഫ. പി.ലക്ഷ്മണൻ, മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള പ്രതിനിധികൾ എന്നിവർ സംസാരിച്ചു. സമ്മേളനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച പ്രദർശനത്തിൽ ഒന്നാം സമ്മാനം നേടിയ മലപ്പുറം നഗരസഭയ്ക്കും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയ എടവിലങ്ങ്, മണീട് ഗ്രാമപഞ്ചായത്തുകൾക്കുള്ള സമ്മാനദാനം വി.കല്യാണം നിർവഹിച്ചു.



സൊസൈറ്റി ഫോർ ആന്ത്രപോളജി ജനറൽ സെക്രട്ടറി **പ്രൊഫ. എച്ച്.കെ.ഭട്ട്** ഡോ.പി.ആർ.ജി മാത്തൂരിനെ ആദരിച്ചു കൊണ്ടുള്ള മംഗളപത്രം കൈമാറുന്നു

## നരവംശശാസ്ത്രപഠനങ്ങൾ രീതിശാസ്ത്രപഠനത്തിൽ അധിഷ്ഠിതമാകണം: പ്രൊഫ.പി.കെ.മിശ്ര

**ന**രവംശശാസ്ത്രപഠനങ്ങൾ കഴിയുന്നതും രീതിശാസ്ത്രപഠനത്തിൽ അധിഷ്ഠിതമാകണമെന്ന് പ്രമുഖ നരവംശശാസ്ത്രജ്ഞൻ പ്രൊഫ. പി.കെ.മിശ്ര അഭിപ്രായപ്പെട്ടു. കിലയും ഫോക്ക്ലാന്റും കണ്ണൂർ സർവകലാശാല നരവംശശാസ്ത്രവകുപ്പും സംയുക്തമായി സംഘടിപ്പിച്ച ദ്വിദിന സെമിനാർ കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷത വഹിച്ചു.ഡോ.പി.ആർ.ജി മാത്തൂരിനെ ആദരിക്കാനാണ് സെമിനാർ സംഘടിപ്പിച്ചത്.ഫോക്ക് ലാന്റ് ഡയറക്ടർ ഡോ.വി. ജയരാജൻ വിഷയാവതരണം നടത്തി. സൊസൈറ്റി ഫോർ ആന്ത്രപോളജി ജനറൽ സെക്രട്ടറി പ്രൊഫ. എച്ച്.കെ.ഭട്ട് ഡോ.പി.ആർ.ജി മാത്തൂരിനെ ആദരിച്ചുകൊണ്ടുള്ള മംഗളപത്രം വായിച്ചു. ഡോ. ജക്കാ പാർത്ഥസാരഥി, ഡോ. രാജേഷ് കുണ്ടാർഗി, ഡോ. പ്രഗതി ഡോ.എസ്.എ. സാഹേബ്, കണ്ണൂർ സർവകലാശാല നരവംശശാസ്ത്രവിഭാഗം മേധാവി ഡോ. ബിന്ദു രാമചന്ദ്രൻ, കില അസോസിയേറ്റ് പ്രൊഫ.ഡോ.സണ്ണി ജോർജ് എന്നിവർ സംസാരിച്ചു. ഡോ.എം.എസ്. മഹേഷ്കുമാർ സംവിധാനം ചെയ്ത ജീവിതമാണ് സന്ദേശമെന്ന നരവംശശാസ്ത്ര ഡോക്യുമെന്ററിയുടെ പ്രദർശനവും സാംസ്കാരിക പരിപാടിയിൽ കളംപാട്ടും തിരിയുഴിയലുമുണ്ടായി.

## ചോദിക്കൂ പറയാം

## ചോദ്യങ്ങൾക്ക് മറുപടി

**പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ്ഡെസ്ക്. ഫോൺ നമ്പർ-0487 2204097**

**?** പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ 2015-16 വാർഷികപദ്ധതി രൂപീകരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ?

● പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിക്കുവേണ്ടിയുള്ള സ.ഉ.(എം.എസ്)362/13 തീയതി 16.11.2013 ത സ്വ ഭ വ ഉത്തരവുപ്രകാരമുള്ള മാർഗ്ഗരേഖ തന്നെയാണ് 2015-16 വർഷത്തേക്കും ഉപയോഗിക്കേണ്ടത്. പദ്ധതി തയ്യാറാക്കുന്നതിനുള്ള സമയക്രമം10.11.2014 ലെ സ.ഉ.(ആർ.ടി) നമ്പർ 2922/2014 ത സ്വ ഭ വ നമ്പർ ഉത്തരവുപ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ് ജനറൽബോഡി യോഗം-2014 നവംബർ 22 നകം, സംയുക്ത പ്രോജക്ടുകളെക്കുറിച്ചുള്ള ജില്ലാതല യോഗം-2014 നവംബർ 25 നകം, കരട് സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ-2014 നവംബർ 29 നകം, സ്റ്റേക്ക് ഹോൾഡർ/ബാങ്ക് കൂടിയാലോചന-2014 ഡിസംബർ 5 നകം, ദ്രുത വിശകലനം നടത്തേണ്ടത്- 2014 ഡിസംബർ 10 നകം, അയൽസഭ/ ഊരുകൂട്ടം/ മത്സ്യസഭ ചേരുന്നത്- 2014 ഡിസംബർ 15 നകം, വാർഡ് വികസനസമിതി-2014 ഡിസംബർ 20 നകം, ഗ്രാമസഭ/വാർഡ് സഭ ചേരുന്നത്- 2015 ജനുവരി 9 നകം, തീരുമാനങ്ങളുടെ ക്രോഡീകരണം-2015 ജനുവരി 13 നകം, ഉപപദ്ധതി രൂപീകരണം(സംസ്ഥാതല/എസ്.സി.എസ്.ടി-2015 ജനുവരി 13 നകം, കരടു പദ്ധതിരേഖ-2015 ജനുവരി 15 നകം, പദ്ധതിരേഖ അന്തിമരൂപം-2015 ജനുവരി 20 നകം, വികസന സെമിനാർ-2015 ജനുവരി 24 നകം, പദ്ധതി അടങ്കൽ തീരുമാനിക്കൽ 2015 ജനുവരി 28 നകം, പ്രോജക്ട് തയ്യാറാക്കി ആദ്യ അംഗീകാരം- 2015 ഫെബ്രുവരി 13 നകം, സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ അംഗീകാരം-2015 ഫെബ്രുവരി 16 നകം, പദ്ധതി/പ്രോജക്ട് അംഗീകാരം-2015 ഫെബ്രുവരി 20 നകം, ജില്ലാ ആസൂത്രണസമിതി അംഗീകാരം 2015 ഫെബ്രുവരി 28 നകം.

തദ്ദേശസ്വംയഭരണസ്ഥാപനങ്ങളുടെ 2015-16 വാർഷിക പദ്ധതി തയ്യാറാക്കുന്ന അവസരത്തിൽ ഗ്രാമകേന്ദ്രങ്ങൾ മുഖേനയുള്ള കമ്മ്യൂണിറ്റി പ്ലാൻകൂടി പരിഗണിക്കണമെന്ന് 18.11.2014 ലെ 73342/ഡി.എ3/2014 തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.2015-16 വാർഷികപദ്ധതിയിൽ അയൽസഭകളിൽനിന്നു വരുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് ഗ്രാമകേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ ഓരോ വാർഡിലേയും നിലവിലെ അവസ്ഥ, നേരിടുന്ന പ്രശ്നങ്ങൾ, വികസന ആവശ്യങ്ങൾ, എന്നിവ ഉൾപ്പെട്ട കമ്മ്യൂണിറ്റി പ്ലാൻ തയ്യാറാക്കി ഗ്രാമകേന്ദ്രം മുഖേന തദ്ദേശഭരണസെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. സെക്രട്ടറി വർക്കിംഗ് ഗ്രൂപ്പിലെ വിവിധ വിഷയമേഖല കൺവീനർമാർക്കു ഇവ രേഖാമൂലം കൈമാറേണ്ടതും വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ പ്രസ്തുത കമ്മ്യൂണിറ്റി പ്ലാൻ പരിഗണിച്ച് കരടു വാർഷികപദ്ധതി തയ്യാറാക്കേണ്ടതുമാണ്.




ചേർത്തല നിയോജകമണ്ഡലത്തിലെ സമഗ്ര വികസനശിൽപ്പശാല
കിലയിൽ **പി.തിലോത്തമൻ** എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു

## ചേർത്തലയുടെ സർവതോന്മുഖമായ വികസനമാണ് ലക്ഷ്യം: പി.തിലോത്തമൻ എം.എൽ.എ

**ചേർത്തലയുടെ** സർവതോന്മുഖമായ വികസനമാണ് തന്റെ ലക്ഷ്യമെന്ന് പി.തിലോത്തമൻ എം.എൽ.എ. ചേർത്തല നിയോജകമണ്ഡലത്തിലെ സമഗ്ര വികസനശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അടിസ്ഥാന വികസനമേഖലയിലും ഉദ്പ്പാദന-വിദ്യാഭ്യാസ-ആരോഗ്യ മേഖലയിലും ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ നടപ്പിലാക്കണം. ജനകീയാഭിലാഷങ്ങൾ പൂർത്തീകരിക്കാനുതകുന്നതായിരിക്കണം പദ്ധതികൾ. ആരോഗ്യരംഗത്ത് താലൂക്കാശുപത്രിയുടെ വികസനത്തോടൊപ്പം പരിസര ശുചീകരണത്തിനും നാം മുൻഗണന നൽകണം.വിദ്യാഭ്യാസമേഖലയിൽ നാം ഇപ്പോഴും പിന്നിലാണ്. അതിനു മാറ്റം വരുത്താനും നമുക്കു കഴിയണം. കാർഷികപ്രാധാന്യമുള്ള മണ്ഡലമായതിനാൽ ആ രംഗത്തും ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. തരിശിടാത്ത സമ്പൂർണമായ കാർഷികപദ്ധതിയെക്കുറിച്ച് ആലോചിക്കണമെന്നും എം.എൽ.എ നിർദ്ദേശിച്ചു.

കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷത വഹിച്ചു. കോഴ്സ് ഡയറക്ടർ ഡോ. പീറ്റർ എം. രാജ്, അസി. ഡയറക്ടർ കെ.എം. സലിം എന്നിവർ സംസാരിച്ചു. ചേർത്തല നഗരസഭയിലേയും,ചേർത്തല സൗത്ത്, കടക്കരപ്പള്ളി, മുഹമ്മ, പട്ടണക്കാട്, തണ്ണീർമുക്കം, വയലാർ, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തുകളിലേയും പട്ടണക്കാട് കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തുകളിലേയും പ്രസിഡന്റുമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ വിവിധ വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.



തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയുമായി യോജിച്ചു
പ്രവർത്തിക്കുന്നതിനും മറ്റുമായി കിലയിലെത്തിയ സി.ബി.എം സംഘത്തിനുള്ള പരിശീലനം

# വികേന്ദ്രീകൃതാസൂത്രണം പഠിക്കാൻ സി.ബി.എം സംഘം കിലയിൽ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയുമായി യോജിച്ചു പ്രവർത്തിക്കുന്നതിനും കേന്ദ്ര-സംസ്ഥാനാവിഷ്കൃതപദ്ധതികളെക്കുറിച്ച് കൂടുതൽ അറിവുനേടുന്നതിനുമായി അന്താരാഷ്ട്ര സന്നദ്ധ സംഘടനയായ സി.ബി.എം.സംഘം കിലയിലെത്തി.

ഭിന്നശേഷിയുള്ളവരുടെ വിദ്യാഭ്യാസം,സാമൂഹ്യാധിഷ്ഠിത പുനരധിവാസം തുടങ്ങിയവയ്ക്കായി പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾക്ക് സാമ്പത്തിക-സാങ്കേതിക സഹായം നൽകുന്ന അന്താരാഷ്ട്ര സന്നദ്ധസംഘടനയാണ് സി.ബി.എം. എന്ന ചുരക്കപ്പേരിലറിയപ്പെടുന്ന ക്രിസ്റ്റഫർ ബ്ലൈൻഡ് മിഷൻ. സി.ബി.എം. സഹായത്തോടെ പ്രവർത്തിക്കുന്ന ഭിന്നശേഷി മേഖലയിലെ മേജർ എൻ.ജി.ഒ പ്രതിനിധികളാണ് പരിശീലനത്തിനെത്തിയത്.ബാംഗ്ളൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന സി.ബി.എം. ഇന്ത്യയിലെ 21 സംസ്ഥാനങ്ങളിൽ പ്രവർത്തനനിരതമാണ്. ആരോഗ്യ-വിദ്യാഭ്യാസ-ഉപജീവനവുമായി ബന്ധപ്പെട്ട് 180 ലക്ഷം ഇന്ത്യക്കാർക്ക് കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ വിവിധ തലത്തിൽ സഹായം നൽകിയിട്ടുണ്ടെന്ന് സി.ബി.എം പറയുന്നു.

കിലയിൽ ഇവർക്കുവേണ്ടി സംഘടിപ്പിച്ച പരിശീലനപരിപാടി കില ഡയറക്ടർ ഡോ.പി.പി.ബാലൻ ഉദ്ഘാടനം ചെയ്തു.കില അസോസിയേറ്റ് പ്രൊഫ.ഡോ.പീറ്റർ എം. രാജ്, സി.ബി.എം. സംഘത്തിലെ ബ്രിഡ്ജറ്റ്, ഫെയർലിൻ എന്നിവർ സംസാരിച്ചു. എം.ജി.കാളിദാസൻ, എം.കെ.രവീന്ദ്രനാഥ്, എം.രേണുകുമാർ, പി.കെ ജയദേവൻ തുടങ്ങിയവരാണ് പരിശീലനത്തിനു നേതൃത്വം നൽകിയത്.




കിലയിൽ ചേർന്ന കുറ്റ്യാട്ടൂർ പഞ്ചായത്തിലെ ബന്ധപ്പെട്ടവരുടെ ആദ്യയോഗത്തിൽ
കില ഡയറക്ടർ **ഡോ.പി.പി.ബാലൻ** സംസാരിക്കുന്നു

# സൻസദ് ആദർശ് ഗ്രാമയോജനയ്ക്ക് കില നേതൃത്വം നൽകും

പഞ്ചായത്തുകളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച സൻസദ് ആദർശ് ഗ്രാമയോജന (എസ്.എ.ജി.വൈ) പദ്ധതിക്കു സംസ്ഥാനത്ത് കില നേതൃത്വം നൽകും. ഓരോ പാർലമെന്റ് മണ്ഡലത്തിലും എം.പി. മാർ തെരഞ്ഞെടുക്കുന്ന ഗ്രാമപഞ്ചായത്തുകളിലായിരിക്കും പദ്ധതി നടപ്പാക്കുക. 2016 നകം ഇരുപതു ഗ്രാമപഞ്ചായത്തുകളിലും 2019 ൽ 40 പഞ്ചായത്തുകളിലും പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിൽ അടിസ്ഥാനപരമായ സാമൂഹ്യ-സാമ്പത്തിക സർവെ നടത്തി പ്രശ്നങ്ങൾ അപഗ്രഥിക്കുകയാണ് ആദ്യം ചെയ്യുന്നത്. കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളിലൂടെ ലഭിക്കുന്ന ഫണ്ട്, എം.എൽ.എ-എം.പി. ഫണ്ട്, പഞ്ചായത്തകളുടെ പ്ലാൻ ഫണ്ട് എന്നിവ ഉപയോഗിച്ചാണ് സമഗ്ര വികസനപദ്ധതിക്കു രൂപം നൽകുന്നത്. ഇതിലൂടെ പഞ്ചായത്തിനെ മാതൃകാപഞ്ചായത്താക്കി മാറ്റും. ഗ്രാമീണറോഡുകളുടെ വികസനം, ആരോഗ്യ- വിദ്യാഭ്യാസരംഗത്തെ ഗുണമേന്മ വർദ്ധിപ്പിക്കൽ, തൊഴിൽ സംരഭങ്ങൾ തുടങ്ങിയവയെല്ലാം പദ്ധതിയുടെ ഭാഗമായിരിക്കും. കണ്ണൂർ എം.പി. പി.കെ.ശ്രീമതി ടീച്ചർ തെരഞ്ഞെടുത്ത കുറ്റ്യാട്ടൂർ പഞ്ചായത്തിലെ ബന്ധപ്പെട്ടവരുടെ ആദ്യയോഗം കിലയിൽ ചേർന്ന് പ്രാഥമിക നടപടികൾക്ക് രൂപം നൽകി. കുറ്റ്യാട്ടൂരിൽ ചേരുന്ന വിപുലമായ വികസന സെമിനാറിൽ പദ്ധതിയുടെ രൂപരേഖ അവതരിപ്പിക്കുമെന്ന് കില ഡയറക്ടർ ഡോ.പി.പി.ബാലൻ അറിയിച്ചു.


**KILA News letter** Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581
(for private circulation only)